**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2252** **30-09-2025-ൽ മറുപടിയ്ക്ക്**

**<u>സമഗ്രവും ഗുണനിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എസ്. സുപാൽ
ശ്രീ. പി. എസ്. സുപാൽ
ശ്രീ. വി. ശശി
ശ്രീമതി. സി. കെ. ആശ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യ സ്ഥാപനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ സമഗ്രവും ഗുണനിലവാരമുള്ളതുമായ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം അനുബന്ധമായി ചേർക്കുന്നു.

**(ബി)** വിവിധ തലങ്ങളിലെ സർക്കാർ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി അവയെ ജനസൗഹൃദ സ്ഥാപനങ്ങളായി പരിവർത്തനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു

**(സി)** ആരോഗ്യമാനദണ്ഡങ്ങളിൽ ലോകരാഷ്ട്രങ്ങളോട് കിടപിടിക്കുന്ന മികച്ച നേട്ടങ്ങൾ കേരളം കൈവരിച്ചിട്ടുണ്ടോ; നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗും ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ ചികിത്സാരംഗത്ത് പ്രയോജനപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കേരളം അടിസ്ഥാന ആരോഗ്യ സൂചികകളിൽ നിർണായകമായ പുരോഗതികൾ കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. ആയുർദൈർഘ്യം 75-77 വയസ്സാണ്, ഇത് ഇന്ത്യൻ ദേശീയ ശരാശരിയേക്കാൾ ഉയർന്നതാണ്. മാതൃമരണാനുപാതം (MMR) 30-ൽ എത്തിച്ചിരിക്കുന്നു. ശിശുമരണനിരക്ക് (IMR) 5-ലാണ്. കേരളം യുവജനാരോഗ്യത്തിലും, സ്ത്രീ-പുരുഷാരോഗ്യത്തിലും മുന്നിലാണ്. സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം പുരുഷന്മാരേക്കാൾ കൂടുതലാണ്. ഇത് ആരോഗ്യത്തിൽ വലിയ അസമത്വമില്ലെന്നതിന് തെളിവാണ്. ചുവടെ ചേർത്തിരിക്കുന്ന എല്ലാ പ്രോഗ്രാമുകളും ദേശീയ അന്തർദേശീയ തലങ്ങളിൽ ഏറെ പ്രശംസ നേടിയിട്ടുള്ളവയാണ്.

'ഹൃദ്യം' പദ്ധതിക്ക് രണ്ട് പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ സ്കോച്ച് സ്വഛ് ഭാരത് ഗോൾഡ് അവാർഡ്, Express Health Care അവാർഡ് എന്നിവയാണ്. ഹൃദ്യം പദ്ധതിയ്ക്ക് 2017 ലെ കേരള സംസ്ഥാന ഇ-ഗവേർണൻസ് അവാർഡ്, 2019 ൽ കേരള സംസ്ഥന ചീഫ് മിനിസ്റ്റർ അവാർഡ് എന്നിവ ലഭ്യമായി.

ആശാധാര പ്രോജക്ടിന് 2023-ലെ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് ആന്റ് ഇ-മെഡിസിൻ വിഭാഗത്തിൽ 2021–22, 2022–23 വർഷങ്ങളിലെ "ആശാധാര" പദ്ധതിക്ക് കേരള സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചിട്ടുണ്ട്.

ഇ-ഹെൽത്ത്, ഇ-മെഡിസിൻ വിഭാഗത്തിൽ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ് (2018) 'ശലഭം - സമഗ്ര നവജാതശിശു സ്ക്രീനിംഗ് പ്രോഗ്രാം'-ന് ഒന്നാം സമ്മാനം ലഭിക്കുകയുണ്ടായി.

സുസ്ഥിര വികസന സൂചിക 2023 പ്രകാരം നവജാതശിശുമരണ നിരക്ക് 2030 ൽ ലക്ഷ്യം വെച്ചിരുന്നത് 1000 കുഞ്ഞുങ്ങൾക്ക് 12 എന്നായിരുന്നു, എന്നാൽ കേരളത്തിൽ ഇത് 1000 കുഞ്ഞുങ്ങളിൽ 5 എന്ന നേട്ടം കേരള ആരോഗ്യ വകുപ്പിന് കൈവരിക്കാൻ സാധിച്ചു. ഇതിനു ഊട് പാകിയത് ഹൃദ്യം, ശലഭം , അമ്മയും കുഞ്ഞും പദ്ധതി, ക്രിട്ടിക്കൽ ന്യൂബോൺ കെയർ, SNCU, NBSU , NBCC , NRC, Mother and Baby Friendly Hospital Initiative, MUSQAN, KARE തുടങ്ങിയ നൂതന പദ്ധതികളാണ്. രണ്ടു വയസ്സിൽ താഴെ പ്രതിരോധ കുത്തിവയ്പ്പുകൾ പൂർണമായും എടുത്ത കുട്ടികളുടെ എണ്ണം 62 ശതമാനത്തിൽ നിന്നും 76.4% ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 ലെ കണക്കുകൾ അനുസരിച്ച ശിശുമരണ നിരക്കിന്റെ ദേശീയ ശരാശരി 35 ഉം (SRS 2023 പ്രകാരം ദേശീയ ശരാശരി 25-ഉം) കേരളത്തിന്റേത് 5 ഉം ആകുന്നു.

SMA രോഗബാധിതരുടെ കൂട്ടായ്മയായ CURE SMA തിരുവനന്തപുരത്ത് നടത്തിയ SMARTCON ദേശീയ കോൺഫറൻസിൽ സംസ്ഥാന സർക്കാരിന്റെ അപൂർവ്വരോഗ പദ്ധതിയായ KARE-നെ ആ ഗോളതലത്തിലെ മാതൃകാ പദ്ധതിയായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

2020 ൽ സെൻട്രൽ ടിബി വിഷൻ, കേന്ദ്ര ആരോഗ്യമന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെയും മറ്റു അനുബന്ധ ഏജൻസികളായ WHO, ICMR –NIRT-Chennai, IAPSM (Indian Association of Preventive and Social Medicine)) ഉം ചേർന്നു നടത്തിയ രാജ്യത്തെ ക്ഷയരോഗ നിർമ്മാർജ്ജനത്തിന്റെ പുരോഗതി വിലയിരുത്തുന്ന 'Sub National certification of process' ൽ കേരളത്തിന് 2015-നെ അപേക്ഷിച്ച് 2020 ൽ ക്ഷയരോഗബാധിതരുടെ എണ്ണത്തിൽ 37.5% കുറവ് വന്നിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി കേന്ദ്രസർക്കാറിന്റെ Sub National TB Free Certification Award (Bronze category) കേരളത്തിനു ലഭിക്കുകയുണ്ടായി.

2022 ൽ 'Sub National certification of process"ൽ കേരളത്തിന് 2015-നെ അപേക്ഷിച്ച് 2021-ൽ സംസ്ഥാനത്ത് ക്ഷയരോഗികളുടെ എണ്ണത്തിൽ 47% കുറവ് ഉള്ളതായി സെൻട്രൽ ടിബി ഡിവിഷൻ കണ്ടെത്തുകയും, സിൽവർ മെഡൽ ലഭിക്കുകയും ചെയ്തു (2022 മാർച്ച് 24). സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 2021 ലും 2022 ലും ഏറ്റവും ഉയർന്ന അവാർഡ് ലഭിച്ചത് കേരളത്തിന് മാത്രമാണ്.

ക്ഷയരോഗ നിർണ്ണയം ഊർജ്ജിതമാക്കുന്നതിന് നിർമ്മിത ബുദ്ധിയിലധിഷ്ഠിതമായ Handheld X-ray യുടെ ഉപയോഗം ഫീൽഡ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

കുഷ്ഠരോഗ നിർമ്മാർജ്ജന രംഗവുമായി ബന്ധപ്പെട്ട സൂചികകൾ സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്ന നേട്ടത്തിനരികെയെത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ കുഷ്ഠരോഗത്തിന്റെ

പ്രചുരതാനിരക്ക് - 0.12 ആണ് കുഷ്ഠരോഗ ബാധിതരായ കുട്ടികളുടെ കേസുകൾ 1.17/മില്ല്യണിൽ നിന്ന് 0.6/മില്ല്യണിന് താഴേക്ക് കുറയ്ക്കുക എന്നതാണ് ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നത് ഇതിൽ നിന്ന് കേരളത്തിന് 0.08/ മില്ല്യൺ എന്ന നിലയിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. വികലാംഗത്വം ഒന്നുമില്ലാത്ത കുട്ടികളുടെ കേസുകളുടെ നിരക്ക്- 0 ഗ്രേഡ് 2 ഡിഫോർമിറ്റി നിരക്ക് 1.2/മില്ല്യണിൽ നിന്ന് 1/മില്ല്യണിനു താഴേക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തിൽ നിന്ന് കേരളത്തിന് 0.67 എന്ന നിലയിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

കേൾവിയുടെയും കേൾവിക്കുറവി ന്റെയും മേഖലയിൽ സംസ്ഥാന ദേശീയ ബധിരത നിയന്ത്രണ പദ്ധതി നടത്തിയ പ്രവർത്തനങ്ങളെ മുൻനിർത്തി 2021-23 ൽ ലോകാരോഗ്യസംഘടനയുടെ (WHO) വേൾഡ് ഹിയറിങ് ഫോറത്തിൽ (WHF) അംഗത്വം ലഭിക്കുകയും 2024-25 ൽ അംഗത്വം പുതുക്കി കിട്ടുകയും ചെയ്തു.

**<u>ആരോഗ്യരംഗത്തെ നിർണായക നൂതന സാങ്കേതിക സംരംഭങ്ങൾ</u>**

ആരോഗ്യ സംവിധാനം മെച്ചപ്പെടുത്താൻ കേരളം Bioeconomy, Genomics, Biomanufacturing, Medical Device Innovation തുടങ്ങിയ പുതിയ ശാസ്ത്ര-സാങ്കേതിക സാധ്യതകൾ സ്വീകരിച്ച്, ആരോഗ്യ സേവനം സജീവമാക്കാൻ ശ്രമിക്കുന്നു. Kerala Genomic Data Centre (KGDC) മനുഷ്യരുടെ ജീനുകളിൽ (DNA) ഉള്ള വിവരങ്ങളെ പഠിച്ച് രോഗങ്ങളുടെ കാരണങ്ങൾ, സാധ്യതകൾ, ചികിത്സാമാർഗങ്ങൾ എന്നിവ കണ്ടെത്തുന്നതിനും ഓരോ വ്യക്തിയുടെയും ജീനോം, ജീവിതശൈലി, പരിസ്ഥിതി തുടങ്ങിയവയെ അടിസ്ഥാനമാക്കി ഓരോരുത്തർക്കും പ്രത്യേകം അനുയോജ്യമായ ചികിത്സ" വികസിപ്പിക്കുന്നതിനും വഴിയൊരുക്കുന്നു.

പോലീസ് സംവിധാനങ്ങൾ, എമർജൻസി റെസ്പോൺസ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള ഡിജിറ്റൽ ഹെൽത്ത് ആപ്ലിക്കേഷനുകൾ പൊതു ജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ ലഭ്യമാക്കുന്നു. ആർക്കിടെക്ചർ, ലബോറട്ടി മാനേജ്മെന്റ്, ഫാർമസി സപ്പോർട്ട് തുടങ്ങി ആശുപത്രികളിൽ എ. ഐ. അടിസ്ഥാനമാക്കിയുള്ള സിസ്റ്റങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. Kerala Health System Improvement Programme പോലുള്ള പദ്ധതികൾ പ്രകാരം എമർജൻസി-ട്രോമാ കെയർ, ഡിജിറ്റൽ ഹെൽത്ത്, ജീവിതശൈലി രോഗ നിയന്ത്രണം എന്നിവയിൽ സാങ്കേതികവിദ്യയുടെ ഉപയോഗം ഉറപ്പാക്കുന്നുണ്ട്.

**നിർമിത ബുദ്ധിയുടെയും മെഷീൻ ലേണിംഗിന്റെയും ഉപയോഗം**

Advanced Therapeutics, Diagnostics, Pharmaceutical Supply, Clinical Pharmacy, Pharmacovigilance,എന്നിവയിൽ എ.ഐ., മെഷീൻ ലേണിംഗ് പരീക്ഷണങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ക്ലിനിക്കൽ ഡിജിറ്റൽ ഹബുകൾ, അസിസ്റ്റീവ് ടെക്നോളജി, മികച്ച മെഡിക്കൽ ഡിവൈസ് നിർമ്മാണം തുടങ്ങി നൂതന സാങ്കേതികവിദ്യയുടെ ഭാഗമാണ്.

നിർമ്മിതബുദ്ധി, മെഷീൻലേർണിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ആളുകളെ നടക്കാൻ സഹായിക്കുന്ന ജിഗെയിറ്റർ സംവിധാനം സർക്കാർ ആശുപത്രികളിലേക്ക് എത്തിയിട്ടുണ്ട്. അവയവമാറ്റ ശസ്ത്രക്രിയകൾ പോലെയുള്ള സങ്കീർണ്ണ ചികിത്സാരീതികളിൽ വളരെയധികം നാം

മുന്നോട്ട് പോയിട്ടുണ്ട്. കരൾ, ഹൃദയം തുടങ്ങിയ അവയവങ്ങൾ ഇന്ന് സർക്കാർ മേഖലയിൽ മാറ്റി വയ്ക്കാൻ കഴിയും.

ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിലേയ്ക്കായി ഡിജിറ്റൽ സാങ്കേതിക വിദ്യയായ AHiMS എന്ന Software ഉപയോഗപ്പെടുത്തി ഓൺലൈൻ ഒ.പി.സേവനം വകുപ്പിലെ 90% സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിലേയ്ക്കായി AHiMS Software ൽ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങൾ നടത്തി വരുന്നു.

NEXGEN E HOSPITAL ഉപയോഗിച്ച് രോഗികളുടെ രജിസ്ട്രേഷൻ വിവരങ്ങളും ചികിത്സാ വിവരങ്ങളും ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത ഘട്ടമായി ഐപി വിവരങ്ങളും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനങ്ങളും നടപ്പിൽ വരുത്തുന്നതാണ്. രോഗികളുടെ പൂർണ്ണമായ വിവരങ്ങൾ ആയുഷ്മാൻ ഭാരത് പോർട്ടൽ വഴി എല്ലാ ആശുപത്രികളിലും കിട്ടുന്നതിനുള്ള സംവിധാനം NIC യുടെ സഹായത്തോടെ നടപ്പാക്കുന്നു.

ആയുഷ് മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ ചികിത്സാരംഗത്ത് പ്രയോജനപ്പെടുത്തുന്നതിനായി ആയുഷ് പ്രൊക്യൂർമെന്റ് സോഫ്റ്റ്‌വെയർ പദ്ധതി നാഷണൽ ആയുഷ് മിഷൻ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**(ഡി)** കേരളത്തിന്റെ ആരോഗ്യമേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** കേരളം പൊതുജനാരോഗ്യ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളത്തിലെ ആരോഗ്യസംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനും പുതുതായി ഉയർന്നു വരുന്ന ആരോഗ്യവെല്ലുവിളികളെ നേരിടുന്നതിനും ലോകബാങ്കിന്റെ സഹായത്തോടെ KHSIP, (Kerala Health System Strengthening and Improvement Project) നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്രോണിക് രോഗങ്ങൾ, Non-Communicable Disease, ഉയർന്ന ആയുർദൈർഘ്യം, മഹാമാരി, കാലാവസ്ഥാ മാറ്റങ്ങൾ തുടങ്ങിയവ മൂലമുള്ള അപകടങ്ങൾ ചെലവേറിയ സ്വകാര്യ ആരോഗ്യ സേവനങ്ങൾ, തുടങ്ങിയ വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ "കേരളത്തിലെ ആരോഗ്യ സേവനങ്ങളുടെ വിപുലമായ ശ്രേണി ലഭ്യതയും ആരോഗ്യ സംവിധാന ദൃഢതയും മെച്ചപ്പെടുത്തുക" എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ലോകബാങ്കിന്റെ സാമ്പത്തിക, സാങ്കേതിക സഹായത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതി ആണ് ഇത്. കേരള ആരോഗ്യ സംവിധാന മെച്ചപ്പെടുത്തൽ പദ്ധതി (KHSIP) എന്ന ഈ പദ്ധതി, ഫല-കേന്ദ്രിത ഫലങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനായി പ്രോഗ്രാം ഫോർ റിസൾട്ട്സ് (PforR) ധനസഹായ ഉപാധിയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുകയും, അതിലൂടെ പദ്ധതി വികസന ലക്ഷ്യങ്ങൾ (PDO) സഫല മാക്കുന്നതിനുള്ള ശ്രദ്ധ ഉറപ്പാക്കുകയും ചെയ്യുന്നു ജീവിതശൈലി രോഗ നിയന്ത്രണം, വയോജന ആരോഗ്യം, ഏകാരോഗ്യം, പരിസ്ഥിതി മാറ്റം, ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്, എമർജൻസി ആന്റ് ട്രോമ കെയർ, ഡിജിറ്റൽ ഹെൽത്ത് എന്നീ മേഖലകളിൽ ഊന്നിയാണ് ഇതിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത് .

ആരോഗ്യ സേവന സംവിധാനങ്ങളുടെ ഡിജിറ്റലൈസേഷൻ, കാലാവസ്ഥ വ്യതിയാനം പോലെയുള്ള പ്രതിഭാസങ്ങൾ ഉയർത്തുന്ന ആരോഗ്യ പ്രശ്നങ്ങൾ നേരിടുക തുടങ്ങി ഒട്ടനവധി പരിപാടികളും ഇതിനോട് ഉൾച്ചേർത്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**